**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3638** **27-06-2024 - ൽ മറുപടിയ്ക്ക്**

**സാങ്കേതിക ഡിപ്ലോമ സർട്ടിഫിക്കറ്റ് കോഴ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. വി. അൻവർ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഏതെല്ലാം കെ.ജി.സി.ഇ., കെ.ജി.ടി.ഇ., എൻ.സി.വി.ടി. സാങ്കേതിക ഡിപ്ലോമ സർട്ടിഫിക്കറ്റ് കോഴ്സുകൾക്കാണ് അംഗീകാരമുള്ളതെന്ന് അറിയിക്കാമോ; അവയിൽ പുതുതലമുറ കോഴ്സുകൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് നിലവിലുള്ള കെ.ജി.സി.ഇ., കെ.ജി.ടി.ഇ., എൻ.സി.വി.ടി. കോഴ്സുകൾ അനുബന്ധമായി ചേർക്കുന്നു. ആയതിൽ എൻ.സി.വി.ടി. കോഴ്സുകളായ ഇൻഫർമേഷൻ ടെക്നോളജി (NSQF), മൾട്ടിമീഡിയ, അനിമേഷൻ & സ്പെഷ്യൽ ഇഫക്ട്സ് (NSQF), ടെക്നീഷ്യൻ മെക്കട്രോണിക്സ് (NSQF) എന്നിവ പുതു തലമുറ കോഴ്സുകളാണ്. |
| (ബി) | സ്വകാര്യ മേഖലയിൽ പ്രസ്തുത കോഴ്സുകൾക്ക് അനുമതി നൽകാറുണ്ടോ; എങ്കിൽ അപേക്ഷിക്കുന്നതിന്റെയും പരിശോധനകളുടെയും അനുമതി നൽകുന്നതിന്റെയും നടപടിക്രമങ്ങളും മാനദണ്ഡങ്ങളും സ്വകാര്യ സ്ഥാപനങ്ങൾ ഒരുക്കേണ്ട സംവിധാനങ്ങളും വിശദമാക്കാമോ; അത്തരം കോഴ്സുകൾ പഠിപ്പിക്കുന്ന അധ്യാപകർക്ക് നിശ്ചിത യോഗ്യതകൾ നിഷ്കർഷിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള കെ.ജി.സി.ഇ., കെ.ജി.ടി.ഇ., കോഴ്സുകൾക്ക് അംഗീകാരം ആവശ്യപ്പെട്ട് സ്വകാര്യ സ്ഥാപനങ്ങൾ അപേക്ഷ സമർപ്പിക്കുമ്പോൾ സ്ഥാപനത്തിലെ അടിസ്ഥാന സൗകര്യം വിഷയ വിദഗ്ദ്ധരെ പ്രയോജനപ്പെടുത്തി പരിശോധിച്ച് പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോഴ്സുകൾക്ക് അംഗീകാരം നൽകുവാൻ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സർക്കാറിനോട് ശിപാർശ ചെയ്യുകയും സർക്കാർ പരിശോധിച്ച് അർഹമായ സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകുകയും ചെയ്യുന്നുണ്ട്. |
| (സി) | സ്വകാര്യ സ്ഥാപനങ്ങളിലെ കോഴ്സുകളുടെ പരീക്ഷാനടത്തിപ്പും സർട്ടിഫിക്കറ്റ് വിതരണവും ആരാണ് നടത്തുന്നതെന്നും കോഴ്സുകൾക്ക് ആരാണ് അംഗീകാരം നൽകുന്നതെന്നും വിശദമാക്കാമോ; സ്വകാര്യ സ്ഥാപനങ്ങളിലെ ഫീസ് നിരക്കുകൾ ഏകീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | സ്വകാര്യ സ്ഥാപനങ്ങളിലെ കെ.ജി.സി.ഇ., കെ.ജി.ടി.ഇ., കോഴ്സുകളുടെ പരീക്ഷാനടത്തിപ്പും സർട്ടിഫിക്കറ്റ് വിതരണവും ജോയിന്റ് കൺട്രോളർ ഓഫ് ടെക്നിക്കൽ എക്സാമിനേഷൻ ആണ് നടത്തുന്നത്.<br><br>എൻ.സി.വി.ടി കോഴ്സുകളിൽ സ്വകാര്യ സ്ഥാപനങ്ങളിലെ Craftsmen Training Scheme (CTS) കോഴ്സുകളുടെ പ്രാക്ടിക്കൽ പരീക്ഷ നടത്തുന്നത് സ്റ്റേറ്റ് ഡയറക്ടറേറ്റ്, Computer Based Test (CBT) പരീക്ഷ നടത്തുന്നത് ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ് ആണ്. സർട്ടിഫിക്കറ്റ് വിതരണവും |

| | | | |
|---|---|---|---|
| | | | കോഴ്സുകൾക്ക് അംഗീകാരം നൽകുന്നതും ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിങ്ങാണ്. പ്രൈവറ്റ് ഐ.ടി.ഐ ഫീസ് ഏകീകരണവുമായി ബന്ധപ്പെട്ട വിഷയം സർക്കാർ പരിശോധിച്ച് വരികയാണ്. |
| (ഡി) | കാലാനുസൃതമായി പ്രസ്തുത കോഴ്സുകളിലെ വിഷയങ്ങൾ പരിഷ്കരിക്കുകയോ പുതുതലമുറ കോഴ്സുകൾ ഉൾപ്പെടുത്തുകയോ ചെയ്യാറുണ്ടോ; പുതിയ കോഴ്സുകൾ ഉൾപ്പെടുത്തുന്നതിന്റെ നടപടിക്രമങ്ങൾ വ്യക്തമാക്കാമോ? | (ഡി) | കെ.ജി.സി.ഇ., കെ.ജി.ടി.ഇ., കോഴ്സുകളിലെ വിഷയങ്ങൾ കാലാനുസൃതമായി പരിഷ്കരിക്കുകയും പുതുതലമുറ കോഴ്സുകൾ ഉൾപ്പെടുത്തുകയും ചെയ്യാറുണ്ട്. എൻ.സി.വി.ടി കോഴ്സുകളിലെ വിഷയങ്ങൾ ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ് ന്റെ നിർദ്ദേശപ്രകാരം കാലാനുസൃതമായി പരിഷ്കരിക്കുന്നുണ്ട്. റീവാംമ്പിംഗിലൂടെ കാലഹരണപ്പെട്ട കോഴ്സുകൾ ഒഴിവാക്കി പകരം പുതിയ കോഴ്സുകൾ ഉൾപ്പെടുത്താറുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം – 1**

## KGCE കോഴ്സുകൾ

1. KGCE Automobile Engineering
2. KGCE Mechanical Engineering
3. KGCE Electrical Engineering
4. KGCE Electronics & Communication Engineering
5. KGCE Computer Engineering
6. KGCE Civil Engineering
7. KGCE Refrigeration & Air Conditioning
8. KGCE Agro Machinery
9. KGCE Fine Arts & Animation

## KGTE കോഴ്സുകൾ

1. KGTE Press Work
2. KGTE Pre Press Operation
3. KGTE Post Press Operation & Finishing
4. KGTE Fashion Designing & Garment Technology
5. KGTE Still Photography
6. KGTE Type writing and Word processing

## NCVT Courses



| SL NO | TRADE NAME |
|---|---|
| 1 | വയർമാൻ (NSQF) |
| 2 | പെയിൻറർ (ജനറൽ) (NSQF) |
| 3 | വെൽഡർ (Pipe) (NSQF) |
| 4 | വെൽഡർ (Structural) (NSQF) |
| 5 | പ്ലംബർ (NSQF) |
| 6 | വുഡ് വർക്ക് ടെക്നിഷ്യൻ (NSQF) (പഴയ പേര് - കാർപ്പെന്ററർ) |
| 7 | ഷീറ്റ് മെറ്റൽ വർക്കർ (NSQF) |
| 8 | വെൽഡർ ( GMAW &GTAW) (NSQF) |
| 9 | വെൽഡർ (Welding & Inspection) (NSQF) |
| 10 | വെൽഡർ (NSQF) (പഴയപേര്- വെൽഡർ ഗ്യാസ് & ഇലക്ട്രിക്) |
| 11 | ഡ്രസ്സ് മേക്കിംഗ് (NSQF) |
| 12 | മെക്കാനിക്ക് അഗ്രിക്കൾച്ചറൽ മെഷിനറി (NSQF) |
| 13 | ഇൻസ്ട്രുമെന്റ് മെക്കാനിക് (NSQF) |
| 14 | ഇൻഫർമേഷൻ ടെക്നോളജി (NSQF) |
| 15 | ആർക്കിടെക്ചറൽ ഡ്രാഫ്റ്റ്സ്മാൻ (NSQF) (പഴയപേര്- ആർക്കിടെക്ചറൽ അസിസ്റ്റന്റ്) |
| 16 | ലിഫ്റ്റ് & എസ്കലേറ്റർ മെക്കാനിക്ക് (NSQF) |
| 17 | ഡ്രാഫ്റ്റ്സ്മാൻ സിവിൽ (NSQF)ഐ.ടി.ഐ കളിൽ |
| 18 | ഡ്രാഫ്റ്റ്സ്മാൻ മെക്കാനിക്കൽ (NSQF) |

| | |
|---|---|
| 19 | ഇൻസ്ട്രുമെന്റ് മെക്കാനിക്ക് (കെമിക്കൽ പ്ലാന്റ്) (NSQF) |
| 20 | മെയിന്റനൻസ് മെക്കാനിക്ക് (കെമിക്കൽ പ്ലാന്റ്) (NSQF) |
| 21 | ലബോറട്ടറി അസിസ്റ്റന്റ് (കെമിക്കൽ പ്ലാന്റ്) (NSQF) |
| 22 | അറ്റൻഡന്റ് ഓപ്പറേറ്റർ (കെമിക്കൽ പ്ലാന്റ്) (NSQF) |
| 23 | ഇലക്ട്രോപ്ലേറ്റർ (NSQF) |
| 24 | റെഫ്രിജറേഷൻ & എയർകണ്ടീഷനിംഗ് ടെക്നീഷ്യൻ (NSQF) (പഴയപേര്- മെക്കാനിക് റെഫ്രിജറേഷൻ & എയർകണ്ടീഷണർ ) |
| 25 | ഇലക്ട്രീഷ്യൻ (NSQF) |
| 26 | ഫിറ്റർ (NSQF) |
| 27 | ടർണർ (NSQF) |
| 28 | മെഷിനിസ്റ്റ് (NSQF) |
| 29 | മെക്കാനിക് മോട്ടോർ വെഹിക്കിൾ (NSQF) |
| 30 | ഇൻഫർമേഷൻ & കമ്മ്യൂണിക്കേഷൻ ടെക്നോളജി സിസ്റ്റം മെയിന്റനൻസ് (NSQF)(പഴയപേര്- ഐ.ടി &ഇ.എസ്.എം) |
| 31 | ടൂൾ & ഡൈ മേക്കർ (NSQF)((പ്രസ്സ് ടൂൾസ് , ജിഗ്സ് & ഫിക്സ്ചേഴ്സ്) |
| 32 | ടൂൾ & ഡൈ മേക്കർ (ഡൈസ് & മോൾഡ്സ്) (NSQF) |
| 33 | ടെക്നീഷ്യൻ മെക്കട്രോണിക്സ് (NSQF) (പഴയപേര്- മെക്കാനിക്ക് മെക്കാട്രോണിക്സ്) |
| 34 | ഓപ്പറേറ്റർ അഡ്വാൻസ്ഡ് മെഷീൻ ടൂൾ (NSQF) |

| | |
|---|---|
| 35 | ടെക്നീഷ്യൻ മെഡിക്കൽ ഇലക്ട്രോണിക്സ് (NSQF)(പഴയപേര്- മെക്കാനിക്ക് മെഡിക്കൽ ഇലക്ട്രോണിക്സ്) |
| 36 | മെക്കാനിക്ക് മെഷിൻ ടൂൾ മെയിന്റനൻസ് (NSQF) |
| 37 | സർവ്വെയർ (NSQF) |
| 38 | മെക്കാനിക് കൺസ്യൂമർ ഇലക്ട്രോണിക് അപ്ലയൻസസ് (NSQF) |
| 39 | ഇലക്ട്രോണിക്സ് മെക്കാനിക് (NSQF) |
| 40 | ടെക്നീഷ്യൻ പവർ ഇലക്ട്രോണിക്സ് സിസ്റ്റംസ് (NSQF) |
| 41 | മെക്കാനിക് ആട്ടോ ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് (NSQF) |
| 42 | പമ്പ് ഓപ്പറേറ്റർ കം മെക്കാനിക് (NSQF) |
| 43 | മെക്കാനിക് ലെൻസ്/പ്രിസം ഗ്രൈന്റിംഗ് (NSQF) |
| 44 | ഇന്റീരിയർ ഡിസൈൻ & ഡെക്കറേഷൻ (NSQF) |
| 45 | മെക്കാനിക് ആട്ടോബോഡി പെയിന്റിംഗ് (NSQF) |
| 46 | മെക്കാനിക് ട്രാക്ടർ (NSQF) |
| 47 | പ്ലാസ്റ്റിക് പ്രോസ്സസിംഗ് ഓപ്പറേറ്റർ (NSQF) |
| 48 | മെക്കാനിക് ഡീസൽ (NSQF) |
| 49 | ടൂറിസ്റ്റ് ഗൈഡ് (NSQF) (പഴയ പേര്- അസിസ്റ്റന്റ് ടൂറിസ്റ്റ്ഗൈഡ്) |
| 50 | ഫ്രണ്ട് ഓഫീസ് അസിസ്റ്റന്റ് (NSQF) |

| | |
|---|---|
| 51 | ഫുഡ് പ്രൊഡക്ഷൻ (ജനറൽ) (NSQF) [പഴയപേര്- ക്രാഫ്റ്റ്സ്മാൻ ഫുഡ് പ്രൊഡക്ഷൻ (ജനറൽ)] |
| 52 | ഡയറിയിംഗ് (NSQF) |
| 53 | ഹോർട്ടികൾച്ചർ (NSQF) |
| 54 | ഹോസ്പിറ്റൽ ഹൗസ് കീപ്പിംഗ് (NSQF) |
| 55 | ഫാഷൻ ഡിസൈൻ & ടെക്നോളജി (NSQF) (പഴയപേര്-ഫാഷൻ ടെക്നോളജി) |
| 56 | ഡസ്ക് ടോപ്പ് പബ്ലിഷിംഗ് ഓപ്പറേറ്റർ (NSQF) |
| 57 | കമ്പ്യൂട്ടർ എയ്ഡഡ് എംബ്രോയ്ഡറി & ഡിസൈനിംഗ് (NSQF) |
| 58 | സെക്രട്ടേറിയൽ പ്രാക്ടീസ് (ഇംഗ്ലീഷ്) (NSQF) |
| 59 | സ്റ്റെനോഗ്രാഫർ സെക്രട്ടേറിയൽ അസിസ്റ്റന്റ് (ഇംഗ്ലീഷ്) (NSQF) [പഴയപേര്- സ്റ്റെനോഗ്രാഫി (ഇംഗ്ലീഷ്) |
| 60 | സ്റ്റെനോഗ്രാഫർ സെക്രട്ടേറിയൽ അസിസ്റ്റന്റ് (ഹിന്ദി) (NSQF) [പഴയപേര്- സ്റ്റെനോഗ്രാഫി (ഹിന്ദി)] |
| 61 | മൾട്ടിമീഡിയ, അനിമേഷൻ & സ്പെഷ്യൽ ഇഫക്ട്സ് (NSQF) |
| 62 | കാറ്ററിംഗ് & ഹോസ്പിറ്റാലിറ്റി അസിസ്റ്റന്റ് (NSQF) |
| 63 | ബേക്കർ & കൺഫക്ഷണർ (NSQF) |
| 64 | മിൽക്ക് & മിൽക്ക്പ്രോഡക്ട് ടെക്നീഷ്യൻ (NSQF) (പഴയപേര് – മിൽക്ക് & മിൽക്ക് പ്രോഡക്റ്റ്സ്) |
| 65 | ഡിജിറ്റൽ ഫോട്ടോഗ്രാഫർ (NSQF) |

| | |
|---|---|
| 66 | കമ്പ്യൂട്ടർ ഓപ്പറേറ്റർ & പ്രോഗ്രാമിംഗ് അസിസ്റ്റന്റ് (NSQF) |
| 67 | ഫുഡ് &ബിവറേജസ് സർവ്വീസ് അസിസ്റ്റന്റ് (NSQF) (പഴയപേര് – സ്റ്റിവാർഡ്) |
| 68 | കോസ്മറ്റോളജി (NSQF) (പഴയപേര് – ബേസിക് കോസ്മറ്റോളജി,ഹെയർ & സ്കിൻ കെയർ) |
| 69 | അഗ്രോ പ്രോസസിംഗ് (NSQF) |
| 70 | കമ്പ്യൂട്ടർ ഹാർഡ് വെയർ & നെറ്റ് വർക്ക് മെയിൻറനൻസ് (NSQF) |